# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7216 16-07-2012-ൽ മറുപടിക്ക്

## ഭൂരഹിതരുടെ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഭൂമി പതിവിനായി ലഭിക്കുന്ന അപേക്ഷകളിൽ വർഷങ്ങളായി തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | (എ) & (ബി) ഭൂമി പതിവിനായി ലഭിക്കുന്ന അപേക്ഷകളിൽ വർഷങ്ങളായി തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജില്ലകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ വില്ലേജാഫിസർ, തഹസിൽദാർ, എന്നിവരുടെ പരിശോധന പൂർത്തിയാക്കി അർഹമായ കേസുകളിൽ ഭൂമി പതിച്ചു നൽകി വരുന്നുണ്ട്. |
| സി) അപേക്ഷകരുടെ മുൻഗണനാക്രമം തെറ്റിച്ച് ചിലർക്ക് കാലതാമസമില്ലാതെ ഭൂമി നൽകുകയും മറ്റുള്ളവർക്ക് കാലമേറെയായിട്ടും ഭൂമി ലഭിക്കാതിരിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ | സി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ഭൂമി പതിച്ചു കിട്ടുവാൻ അപേക്ഷ നൽകുന്ന ഭൂരഹിതർക്ക് ഭൂമി പതിച്ചു നൽകുന്നതിന് സമയപരിധി നിശ്ചയിക്കുമോ ? | ഡി) ഭൂമി പതിവിനായി ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം അർഹതപ്പെട്ടവർക്ക് ഭൂമിയുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ സമയബന്ധിതമായി ഭൂമി പതിച്ച് നൽകി വരുന്നു. |

Rrlanidharanpillo
സെക്ഷൻ ഓഫീസർ